"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - എറണാകുളം ജില്ലയിലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ജില്ലാ എംപവർമെന്റ് ഓഫീസർ ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. ഷക്കീല. എ. എസ് -ന് പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2523/2025/LSGD തീയതി,തിരുവനന്തപുരം, 18-10-2025

---

പരാമർശം:-

1. സ.ഉ (പി )112/2017/ധന തീയതി 24/08/2017.
2. 20.08.2025 തീയതിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ്
3. എറണാകുളം ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടറുടെ 26.08.2025 തീയതിയിലെ സാക്ഷ്യപത്രം
4. ശ്രീമതി. ഷക്കീല. എ.എസ്, ജില്ലാ എംപവർമെന്റ് ഓഫീസർ സമർപ്പിച്ച 20/08/2025-ലെ അപേക്ഷ.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 24/09/2025-ലെ LSGD/PD/ 27747/2025-DEA3 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ ജില്ലാ എംപവർമെന്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ഷക്കീല.എ.എസ് 13/08/2025-ന് ഓഫീസിലേയ്ക്ക് യാത്ര ചെയ്യവെ ടിയാൾ സഞ്ചരിച്ചിരുന്ന വാഹനം അപകടത്തിൽപ്പെട്ട് വലതു കണങ്കാലിന് ഒടിവ് സംഭവിക്കുകയും, തുടർന്ന് എറണാകുളം വി. ജി. സറഫ് മെമ്മോറിയൽ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആകുകയും ചെയ്തിരുന്നു. തുടർന്ന്, ചികിത്സയുടെ ഭാഗമായി 13/08/2025 മുതൽ 8 ആഴ്ചത്തെ വിശ്രമം പരാമർശം (2) പ്രകാരം ഡോക്ടർ നിർദ്ദേശിക്കുകയും ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ പരാമർശം (3) പ്രകാരം പ്രസ്തുത അവധി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപകടം സംഭവിച്ച 13/08/2025 മുതൽ 8 ആഴ്ചത്തെ പ്രത്യേക അവശതാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ജില്ലാ എംപവർമെന്റ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.ഷക്കീല.എ.എസ്-ന് 13/08/2025 മുതൽ 07/10/2025 വരെയുള്ള 56 ദിവസം ജോലിയ്ക്ക് ഹാജരാകുവാൻ കഴിയാതിരുന്ന കാലയളവ് കെ.എസ്. ആർ ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധിയായി അനുവദിച്ച് ഉത്തരവാകുന്നു. അവധികാലയളവ് പൂർത്തിയായതിന്റെ പിറ്റേദിവസം തന്നെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് അപേക്ഷക തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരി ഉറപ്പ്

വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABITHA BAI A S

ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീമതി. ഷക്കീല. എ.എസ്, ജില്ലാ എംപവർമെന്റ് ഓഫീസർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, എറണാകുളം ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

3) ജോയിന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം ജില്ല

4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

5) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

6) ആഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Dipukumar S L

Date: 18-10-2025 11:39:23

സെക്ഷൻ ഓഫീസർ